## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 620    28.09.2016 ലെ മറുപടിയ്ക്ക്

## കവണക്കല്ല് റഗുലേറ്റർ കം ബ്രിഡ്ജ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ടി.എ.റഹീം:** | **മാത്യു. ടി. തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) കവണക്കല്ല് റഗുലേറ്റർ കം ബ്രിഡ്ജിന്റെ ഷട്ടറുകൾ കേടുവന്നത് മൂലം വെള്ളം സംഭരിക്കാൻ സാധിക്കാതായ വിഷയം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;<br><br>(ബി) കേടുപാടുകൾ തീർക്കാനായി തയ്യാറാക്കി സമർപ്പിച്ച 30 ലക്ഷം രൂപയുടെ പ്രവൃത്തി തുടങ്ങുന്ന തിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ; | (എ)&(ബി)<br><br>ഉണ്ട്. കേടുപാടുകൾ തീർക്കാനായി സമർപ്പിച്ച പ്രവൃത്തിക്ക് സാമ്പത്തികാനുമതിയും ഭരണാനുമതിയും നല്കിയിട്ടുണ്ട്. ടി വർക്കുകളുടെ ടെണ്ടർ നടപടികൾ ഒരു മാസത്തിനകം നടത്താൻ കഴിയുമെന്ന് മെക്കാനിക്കൽ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും അറിയിച്ചിട്ടുണ്ട്. |
| (സി) ഈ പാലത്തിൽ ടോൾ പിരിക്കുന്ന തിനുള്ള അവകാശം ലേലം ചെയ്തുകൊടുത്തിട്ടുണ്ടോ; | (സി) ഉണ്ട്. |
| (ഡി) എങ്കിൽ കഴിഞ്ഞ 5 വർഷത്തെ വരുമാനം എത്രയാണെന്ന് വ്യക്തമാക്കാമോ? | (ഡി) **വർഷം- വരുമാനം**<br>2011-12 - 6,76,615/- രൂപ<br>2012-13 - 7,00,100/-രൂപ<br>2013-14 -8,16,000/-രൂപ<br>2014-15 - 10,10,111/-രൂപ<br>2015-16 - 8,48,700/-രൂപ |

സെക്ഷൻ ഓഫീസർ.